പതിമൂന്നാം കേരള നിയമസഭ

# പരിസ്ഥിതി സംബന്ധിച്ച സമിതി (2014-2016)

## ഇരുപത്തിയൊൻപതാമത് റിപ്പോർട്ട്

(2015 ഡിസംബർ 16-ാം തീയതി സഭയിൽ സമർപ്പിച്ചത്)

[പരിസ്ഥിതി സംബന്ധിച്ച സമിതി (1996-1998)-യുടെ പതിനൊന്നാമത് റിപ്പോർട്ടിലെ (കാർത്തികപ്പള്ളി താലൂക്കിലെ പാരിസ്ഥിതിക മലിനീകരണ പ്രശ്നങ്ങൾ സംബന്ധിച്ച്) ശിപാർശകളിന്മേൽ/ നിർദ്ദേശങ്ങളിന്മേൽ സർക്കാർ സ്വീകരിച്ച നടപടികളെ സംബന്ധിച്ച് ]

കേരള നിയമസഭാ സെക്രട്ടേറിയറ്റ്
തിരുവനന്തപുരം
2015

പതിമൂന്നാം കേരള നിയമസഭ

## പരിസ്ഥിതി സംബന്ധിച്ച സമിതി
## (2014-2016)

# ഇരുപത്തിയൊൻപതാമത് റിപ്പോർട്ട്

(2015 ഡിസംബർ 16-ാം തീയതി സഭയിൽ സമർപ്പിച്ചത്)

[പരിസ്ഥിതി സംബന്ധിച്ച സമിതി (1996-1998)-യുടെ പതിനൊന്നാമത് റിപ്പോർട്ടിലെ (കാർത്തികപ്പള്ളി താലൂക്കിലെ പാരിസ്ഥിതിക മലിനീകരണ പ്രശ്നങ്ങൾ സംബന്ധിച്ച്) ശിപാർശകളിന്മേൽ/ നിർദ്ദേശങ്ങളിന്മേൽ സർക്കാർ സ്വീകരിച്ച നടപടികളെ സംബന്ധിച്ച് ]

78/2016.

# ഉള്ളടക്കം

| | | |
|---|---|---|
| | | പേജ് |
| സമിതിയുടെ ഘടന | .. | v |
| മുഖവുര | .. | vii |
| അദ്ധ്യായം I : റിപ്പോർട്ട് | .. | 1 |
| അദ്ധ്യായം II : സമിതിയുടെ ശിപാർശകൾ, അതിന്മേൽ വിവിധ വകുപ്പുകളിൽ നിന്നും ലഭിച്ചതും സമിതി അംഗീകരിച്ചതുമായ നടപടി സ്റ്റേറ്റ്മെന്റുകൾ എന്നിവ സംബന്ധിച്ച വിശദാംശം | .. | 1 |

# പരിസ്ഥിതി സംബന്ധിച്ച സമിതി (2014-2016)

## ഘടന

<u>അദ്ധ്യക്ഷൻ</u> :

ശ്രീ. സി. പി. മുഹമ്മദ്

<u>അംഗങ്ങൾ</u> :

ശ്രീ. റ്റി. എ. അഹമ്മദ് കബീർ

ശ്രീ. എ. എം. ആരിഫ്

ശ്രീ. കോലിയക്കോട് എൻ. കൃഷ്ണൻ നായർ

പ്രൊഫ. സി. രവീന്ദ്രനാഥ്

ശ്രീ. മുല്ലക്കര രത്നാകരൻ

ശ്രീ. കെ. എം. ഷാജി

ശ്രീ. എം. വി. ശ്രേയാംസ് കുമാർ

ശ്രീ. പി. സി. വിഷ്ണുനാഥ്.

<u>നിയമസഭാ സെക്രട്ടേറിയറ്റ്</u> :

ശ്രീ. പി. ഡി. ശാരംഗധരൻ, സെക്രട്ടറി

ശ്രീ. റ്റി. മനോഹരൻ നായർ, ജോയിന്റ് സെക്രട്ടറി

ശ്രീ. രാജു, കെ. എ., ഡെപ്യൂട്ടി സെക്രട്ടറി

ശ്രീ. ആർ. മോഹനദാസ്, അണ്ടർ സെക്രട്ടറി.

## മുഖവുര

പരിസ്ഥിതി സംബന്ധിച്ച സമിതി (2014-2016)-യുടെ അദ്ധ്യക്ഷനായ ഞാൻ സമിതിയുടെ നിയോഗാനുസരണം ഇരുപത്തിയൊൻപതാമത് റിപ്പോർട്ട് സമർപ്പിക്കുന്നു.

2015 ഡിസംബർ മാസം 15-ാം തീയതി കൂടിയ സമിതിയോഗം ഈ റിപ്പോർട്ട് അംഗീകരിച്ചു.

സി. പി. മുഹമ്മദ്,

*അദ്ധ്യക്ഷൻ,*

*പരിസ്ഥിതി സംബന്ധിച്ച സമിതി.*

തിരുവനന്തപുരം,
2015 ഡിസംബർ 15.

# റിപ്പോർട്ട്

## അദ്ധ്യായം I

പത്താം കേരള നിയമസഭയുടെ പരിസ്ഥിതി സംബന്ധിച്ച സമിതി (1996-1998)-യുടെ പതിനൊന്നാമത് റിപ്പോർട്ട് (കാർത്തികപ്പള്ളി താലൂക്കിലെ പാരിസ്ഥിതിക മലിനീകരണ പ്രശ്നങ്ങൾ സംബന്ധിച്ച്) 1998 ജൂലൈ 29-ാം തീയതി സഭയിൽ സമർപ്പിക്കുകയുണ്ടായി. മദ്ധ്യതിരുവിതാംകൂറിലെ പ്രശസ്തമായ കാർഷിക, വ്യവസായ മേഖലയും ചരിത്രപരമായി ഏറെ പ്രാധാന്യമുള്ളതും നെൽവയലേലകളും തെങ്ങിൻപുരയിടങ്ങളും നീർച്ചാലുകളും തോടുകളും കൊണ്ട് സമ്പന്നവുമായ കാർത്തികപ്പള്ളി താലൂക്കിലെ പാരിസ്ഥിതിക മലിനീകരണ പ്രശ്നങ്ങളെ സംബന്ധിച്ച് സമിതിക്ക് ലഭിച്ച നിവേദനങ്ങളുടെയും താലൂക്കിലെ വിവിധ പ്രദേശങ്ങൾ സന്ദർശിച്ചപ്പോൾ സമിതിക്ക് ബോധ്യമായ വസ്തുതകളുടെയും വിശദമായ തെളിവെടുപ്പിന്റെയും അടിസ്ഥാനത്തിൽ തയ്യാറാക്കിയതായിരുന്നു പ്രസ്തുത റിപ്പോർട്ട്. കാർത്തികപ്പള്ളി താലൂക്കിലെ ഗുരുതരമായ പാരിസ്ഥിതിക മലിനീകരണ പ്രശ്നങ്ങൾക്ക് ശാശ്വതമായ പരിഹാരം കാണുന്നതിന് സഹായകരമെന്ന് സമിതിക്ക് ബോധ്യമായ 14 ശിപാർശകളാണ് റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിരുന്നത്.

2. റിപ്പോർട്ടിലൂടെ സമിതി നൽകിയ ശിപാർശകളിന്മേൽ അനന്തര നടപടികൾ സ്വീകരിക്കുന്നതിലേക്കായി റിപ്പോർട്ടിന്റെ അച്ചടിച്ച പ്രതി 1998 ഡിസംബർ 26-ന് ബന്ധപ്പെട്ട വകുപ്പുകൾക്ക് അയച്ചുകൊടുക്കുകയുണ്ടായി. റിപ്പോർട്ടിലെ ശിപാർശകളിന്മേൽ ജലവിഭവം, ഊർജ്ജം, പൊതുമരാമത്ത്, തദ്ദേശസ്വയംഭരണം, വ്യവസായം, ആരോഗ്യ-കുടുംബക്ഷേമം, കൃഷി, മത്സ്യബന്ധന തുറമുഖം, റവന്യൂ എന്നീ വകുപ്പുകൾ സ്വീകരിച്ച നടപടികൾ സംബന്ധിച്ച സ്റ്റേറ്റ്മെന്റുകൾ സമിതിക്ക് ലഭ്യമാക്കിയതിനെ തുടർന്ന് വിവിധ സമിതിയോഗങ്ങൾ അവ വിശദമായി പരിശോധിക്കുകയും അംഗീകരിക്കുകയും ചെയ്തു.

3. റിപ്പോർട്ടിലെ ശിപാർശകൾ, അവയിന്മേൽ വിവിധ വകുപ്പുകൾ ലഭ്യമാക്കിയതും സമിതി അംഗീകരിച്ചതുമായ നടപടി പത്രികകൾ എന്നിവ സംബന്ധിച്ച വിശദാംശം ഈ റിപ്പോർട്ടിന്റെ രണ്ടാം അദ്ധ്യായത്തിലും 8-ാം നമ്പർ ശിപാർശയിന്മേൽ കൃഷി വകുപ്പ് ലഭ്യമാക്കിയ നടപടി പത്രികയോടൊപ്പം ലഭ്യമാക്കിയ ചീഫ് എഞ്ചിനീയറുടെ (ജ&ഭ) റിപ്പോർട്ട് അനുബന്ധത്തിലും ചേർത്തിരിക്കുന്നു.

## അദ്ധ്യായം II

## റിപ്പോർട്ടിലെ ശിപാർശകളും, അതിന്മേൽ സർക്കാർ സ്വീകരിച്ച നടപടികളും സംബന്ധിച്ച വിശദാംശം

### ശിപാർശ നമ്പർ 1

താലൂക്കിൽ വിതരണം ചെയ്യുന്ന ഭൂഗർഭജലം ഫ്ളൂറൈഡിന്റെ അംശം കൂടുതലായതിനാൽ അത് നിരോധിക്കുന്നതിനും പമ്പ, അച്ചൻകോവിൽ എന്നീ ആറുകളിൽ

നിന്നും വെള്ളം ശേഖരിച്ച്, ശുദ്ധീകരിച്ച് താലൂക്കിന്റെ എല്ലാ പ്രദേശങ്ങളിലും വിതരണം ചെയ്യാൻ യുദ്ധകാലാടിസ്ഥാനത്തിൽ നടപടി സ്വീകരിക്കണമെന്ന് സമിതി ശക്തമായി ശിപാർശ ചെയ്യുന്നു.

## സർക്കാർ സ്വീകരിച്ച നടപടി

### ജലവിഭവ വകുപ്പ്

(സർക്കാർ കത്ത് നമ്പർ 1806/സി1/99/ജ.വി.വ. തീയതി 16-11-2003)

കാർത്തികപ്പള്ളി താലൂക്കിൽ വിതരണം ചെയ്യുന്ന വെള്ളത്തിൽ ഫ്ളൂറൈഡിന്റെ അംശം കൂടുതലായതിനാൽ അച്ചൻകോവിലാറ് സ്രോതസ്സായി ഉദ്ദേശം 4039 ലക്ഷം രൂപ പദ്ധതി അടങ്കൽ പ്രതീക്ഷിക്കുന്ന ഒരു പദ്ധതി തയ്യാറാക്കിയിട്ടുണ്ട്. ഇതിൽ കായംകുളം മുനിസിപ്പാലിറ്റിയും, കാർത്തികപ്പള്ളി, ഹരിപ്പാട്, ചിങ്ങോലി, കണ്ണമംഗലം എന്നീ വില്ലേജുകളും ഉൾപ്പെടുന്നു.

ചേപ്പാട്, കരുവാറ്റ, ചെറുതന, കുമാരപുരം, തൃക്കുന്നപ്പുഴ, പള്ളിപ്പാട്, ആറാട്ടുപുഴ, മുതുകുളം, കാന്തല്ലൂർ, കീരിക്കാട് (ഭാഗികം), പന്നിയൂർ (ഭാഗികം), പുതുപ്പള്ളി തുടങ്ങിയ വില്ലേജുകൾ ചേർത്ത് ഒരു പദ്ധതിക്ക് വാട്ടർ അതോറിറ്റിയുടെ ഐ.പി.ഡി. വിഭാഗം സർവ്വേ ജോലികൾ പൂർത്തിയാക്കി കഴിഞ്ഞു.

ഈ താലൂക്കിലെ കൃഷ്ണപുരം വില്ലേജ് ഭരണിക്കാവിനും സമീപവില്ലേജുകൾക്കും വേണ്ടിയുള്ള ശുദ്ധജല പദ്ധതിയിൽ ഉൾപ്പെടുന്നതാണ്. അതുപോലെ വിജയപുരം വില്ലേജ് കുട്ടനാട് പദ്ധതിയിലും ഉൾപ്പെടുന്നതാണ്.

പ്രസ്തുത മറുപടി 17-11-2004-ലെ സമിതിയോഗം പരിഗണിക്കുകയും കാർത്തികപ്പള്ളി താലൂക്കിൽ ശുദ്ധീകരിച്ച വെള്ളം വിതരണം ചെയ്യുന്ന പദ്ധതി എന്നത്തേക്ക് പൂർത്തിയാകുമെന്ന് ബന്ധപ്പെട്ട വകുപ്പിനോടാരായുകയും ചെയ്തു.

സമിതി ആരാഞ്ഞ അധിക വിവരത്തിന്മേൽ ജലവിഭവ (ജലവിതരണ) വകുപ്പ് 21-12-2010-ലെ 10404/സി1/07/ജ.വി.വ. നമ്പർ കത്ത് മുഖേന ലഭ്യമാക്കിയ മറുപടി ചുവടെ ചേർക്കുന്നു:

കാർത്തികപ്പള്ളി താലൂക്കിലെ കായംകുളം, ആറാട്ടുപുഴ പ്രദേശങ്ങൾക്കുവേണ്ടി എ.ഡി.ബി. ധനസഹായത്തോടെ സുനാമി പുനരധിവാസ പദ്ധതിയിൽ ഉൾപ്പെടുത്തി 13.29 കോടി രൂപയുടെ ഒരു ബൃഹദ് പദ്ധതി റ്റി.ഇ.എ.പി. വിഭാഗത്തിന്റെ മേൽനോട്ടത്തിൽ പൂർത്തീകരിച്ച് കുടിവെള്ള വിതരണം ആരംഭിച്ചിട്ടുണ്ട്. അച്ചൻകോവിലാറ്റിൽ നിന്നുള്ള ജലം ശുദ്ധീകരിച്ച് വിതരണം ചെയ്യുന്ന ഈ പദ്ധതി കൂടാതെ കാർത്തികപ്പള്ളി താലൂക്കിലെ മറ്റ് പഞ്ചായത്തുകളിലെ കുടിവെള്ളപ്രശ്നം പരിഹരിക്കുന്നതിനായി അച്ചൻകോവിലാർ, പമ്പ

എന്നീ നദികളിൽ നിന്നും ജലം സംഭരിച്ച് ഒരു ട്രീറ്റ്മെന്റ് പ്ലാന്റ് സ്ഥാപിച്ച് ശുദ്ധജലവിതരണം നടത്തുന്നതിനുള്ള ഒരു പദ്ധതിക്കായി ഡി.ഇ.ആർ. തയ്യാറാക്കാൻ നടപടികൾ സ്വീകരിച്ചിട്ടുണ്ട്.

(15-11-2012-ലെ സമിതി യോഗം പരിഗണിക്കുകയും അംഗീകരിക്കുകയും ചെയ്തു.)

<u>ശിപാർശ നമ്പർ 2</u>

കായംകുളം താപനിലയത്തിന്റെ ഡിസൈനിൽ ആവശ്യമായ മാറ്റം വരുത്തി കായൽ ജലം ശുദ്ധീകരിച്ച് കുടിവെള്ളത്തിന് പരിഹാരം കാണാൻ ഗവൺമെന്റ് അടിയന്തര നടപടി സ്വീകരിക്കണമെന്നും ഇതിനുവേണ്ടിവരുന്ന മുഴുവൻ സാമ്പത്തിക സഹായവും ആസ്ട്രിയൻ ഗവൺമെന്റ് ഗ്രാന്റായി നൽകുന്നതാണെന്ന് കേന്ദ്ര സെക്രട്ടറി ശ്രീ. പാലോട്ടു മോഹൻദാസ് അറിയിച്ചിട്ടുള്ളതിനാലും തമിഴ്നാട്ടിൽ ഇതു പ്രാവർത്തികമായിട്ടുള്ളതിനാലും ഇവിടെയും അത് നടപ്പിലാക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

<u>സർക്കാർ സ്വീകരിച്ച നടപടി</u>

**ഊർജ്ജ വകുപ്പ്**

(സർക്കാർ കത്ത് നമ്പർ 8073/ബി 1/98/പ.വ. തീയതി 13-9-1999)

കായംകുളം താപനിലയത്തിൽ നിന്നും നഷ്ടമാകുന്ന താപമുപയോഗിച്ച് ഉപ്പുവെള്ളം ശുദ്ധീകരിക്കുവാനുള്ള ഒരു പദ്ധതിയെക്കുറിച്ച് ആസ്ട്രിയയിലെ വാടെക് ഇന്റർനാഷണൽ എന്ന കമ്പനിയുമായി കേരള വാട്ടർ അതോറിറ്റി പ്രാഥമിക ചർച്ചകൾ നടത്തിയിരുന്നു. ഇതിനുള്ള സഹായം സൗജന്യമായിട്ടല്ല മറിച്ച് പദ്ധതി "ബൂട്ട്" അടിസ്ഥാനത്തിൽ നടപ്പിലാക്കണമെന്നാണ് കമ്പനി നിർദ്ദേശിച്ചത്. കായംകുളത്ത് കമ്പയിൻഡ് സൈക്കിൾ താപനിലയമാണ് നിർമ്മിക്കുന്നത്. ഇത്തരം നിലയങ്ങളിൽ നഷ്ടമാകുന്ന താപത്തിന്റെ അളവ് താരതമ്യേന കുറവായതിനാൽ കായംകുളത്ത് ഈ സംവിധാനം ലാഭകരമാവില്ലെന്ന് കാണുകയുണ്ടായി.

അതിനാൽ പമ്പാ നദിയിൽ നിന്നുമുള്ള ജലം സംഭരിച്ച് ശുദ്ധീകരിച്ച് വിതരണം ചെയ്യുന്നതിനുള്ള ഒരു പദ്ധതിക്ക് കേരള വാട്ടർ അതോറിറ്റി രൂപം നൽകിയിട്ടുണ്ട്.

17-11-2004-ലെ സമിതിയോഗം പരിഗണിക്കുകയും സമിതിയുടെ ശിപാർശയിന്മേൽ ഊർജ്ജ വകുപ്പ് ലഭ്യമാക്കിയ മറുപടി തൃപ്തികരമല്ലാത്തതിനാൽ വിശദമായ റിപ്പോർട്ട് ഉടനെ ലഭ്യമാക്കണമെന്ന് നിർദ്ദേശിക്കുകയും ചെയ്തു.

സമിതി ആരാഞ്ഞ അധിക വിവരത്തിന്മേൽ 11-12-2014-ലെ 1020/ബി1/14/ഊ.വ. നമ്പർ കത്ത് പ്രകാരം ഊർജ്ജ (ബി) വകുപ്പ് ലഭ്യമാക്കിയ മറുപടി ഇപ്രകാരമായിരുന്നു.

കായംകുളം താപനിലയത്തിന്റെ ഡിസൈനിൽ ആവശ്യമായ മാറ്റം വരുത്തി കായൽ ജലം ശുദ്ധീകരിച്ച് കുടിവെള്ളത്തിന് പരിഹാരം കാണാൻ ഗവൺമെന്റ് അടിയന്തര നടപടി സ്വീകരിക്കണമെന്നും തമിഴ്നാട്ടിൽ ആവിഷ്കരിച്ചതുപോലെ ആസ്ട്രിയൻ ഗവൺമെന്റിന്റെ ഫണ്ടുപയോഗിച്ച് കായംകുളം താപനിലയത്തിന്റെ ഡിസൈനിൽ മാറ്റം വരുത്തി കായൽ ജലം ശുദ്ധീകരിച്ച്, കാർത്തികപ്പള്ളി താലൂക്കിൽ കുടിവെള്ളം ഉപയുക്തമാക്കുന്നതിന് ഗവൺമെന്റ് അടിയന്തര നടപടി സ്വീകരിക്കണമെന്ന ശിപാർശ ലഭിച്ചപ്പോഴേക്കും കായംകുളം സ്റ്റേജ്-1 പദ്ധതിയുടെ നിർമ്മാണ പ്രവൃത്തികൾ പൂർത്തിയാകാറായിരുന്നുവെന്നും ആയതിനാൽ സമിതി നിർദ്ദേശിച്ച പ്രകാരം പദ്ധതി ഡിസൈനിൽ മാറ്റം വരുത്താൻ കഴിഞ്ഞിരുന്നില്ലെന്നും എൻ.ടി.പി.സി. അറിയിച്ചിട്ടുണ്ട്.

എന്നാൽ കായംകുളം താപനിലയത്തിന്റെ സമീപപ്രദേശങ്ങളിൽ കുടിവെള്ളമെത്തിക്കുന്നതിന് തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുമായി ചേർന്ന് നിരവധി പ്രവർത്തനങ്ങൾ എൻ.ടി.പി.സി. നടപ്പിലാക്കി വരുന്നതായി അറിയിച്ചിട്ടുണ്ട്.

(11-2-2015-ലെ സമിതിയോഗം പരിഗണിക്കുകയും അംഗീകരിക്കുകയും ചെയ്തു.)

### ശിപാർശ നമ്പർ 3

കാർത്തികപ്പള്ളി താലൂക്കിന്റെ തീരപ്രദേശം രൂക്ഷമായ കടലാക്രമണംമൂലം കടലും കായലും ഒന്നിച്ച് ലയിച്ച് ഈ പ്രദേശം വെള്ളത്തിനടിയിൽ ആകുമെന്നുള്ളതിനാൽ യുദ്ധകാലാടിസ്ഥാനത്തിൽ കടൽഭിത്തി കെട്ടി ഈ പ്രദേശം സംരക്ഷിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു. ഇതിന് ആവശ്യമായ ധനം സംസ്ഥാന ബഡ്ജറ്റിൽ വകയിരുത്താൻ കഴിയാതെ വന്നാൽ ധനകാര്യസ്ഥാപനങ്ങളിൽ നിന്ന് ഇതിന് പണം കണ്ടെത്തി ഇതിന്റെ പണി എത്രയും വേഗം പൂർത്തീകരിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

### സർക്കാർ സ്വീകരിച്ച നടപടി

### ജലവിഭവ (ഐ.ആർ.) വകുപ്പ്

(സർക്കാർ കത്ത് നമ്പർ 1693/ഐ.ആർ2/99)

ശിപാർശയിൽ പറയുന്ന പ്രദേശത്ത് 2 കിലോമീറ്റർ ദൂരം കടൽഭിത്തി നിർമ്മിച്ചു കഴിഞ്ഞു. മറ്റൊരു 2 കി.മീ. ദൂരം കൂടി കടൽഭിത്തി നിർമ്മാണത്തിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു. 11-ാം ധനകാര്യ കമ്മീഷന്റെ കീഴിലാണ് ഈ പണി നടന്നു വരുന്നത്. ഫണ്ടിന്റെ ലഭ്യതയനുസരിച്ച് ആവശ്യമായ അടിയന്തര പരിശോധന നടത്തിയും കടൽഭിത്തി പുതുക്കുന്ന പണികളും നടത്തുന്നതാണെന്നും അറിയിച്ചുകൊള്ളുന്നു.

പ്രസ്തുത മറുപടി 17-11-2004-ലെ സമിതിയോഗം പരിഗണിക്കുകയും കടൽഭിത്തി കെട്ടുവാൻ വെറും നാലുകിലോമീറ്റർ ദൂരം മാത്രമേ ഉണ്ടായിരുന്നുള്ളുവോ എന്നും അത്രയുമല്ലെങ്കിൽ ഇനി എത്ര ദൂരം കെട്ടുവാൻ ഉണ്ടെന്നും അത് എന്നത്തേക്ക്

പൂർത്തിയാക്കുവാൻ കഴിയുമെന്നുമുള്ള വിവരം ലഭ്യമാക്കണമെന്ന് സമിതി നിർദ്ദേശിക്കുകയും ചെയ്തു.

സമിതി ആരാഞ്ഞ അധിക വിവരത്തിന്മേൽ 24-9-2012-ലെ 9327/ഐ.ആർ2/06/ ജലവിഭവ നമ്പർ കത്ത് പ്രകാരം ലഭ്യമാക്കിയ മറുപടി ഇപ്രകാരമായിരുന്നു.

"കാർത്തികപ്പള്ളി താലൂക്കിൽ കടൽഭിത്തി നിലവിലില്ലാതിരുന്ന സ്ഥലങ്ങളിൽ നിർമ്മിക്കേണ്ടിയിരുന്ന കടൽഭിത്തിയുടെ നിർമ്മാണം പൂർണ്ണമായി പതിനൊന്നാം ധനകാര്യ കമ്മീഷൻ അവാർഡിലും സുനാമി പുനരധിവാസ പദ്ധതിയിലും ഉൾപ്പെടുത്തി പൂർത്തിയാക്കിയിട്ടുണ്ട്."

(15-11-2012-ലെ സമിതിയോഗം പരിഗണിക്കുകയും അംഗീകരിക്കുകയും ചെയ്തു.)

## ശിപാർശ നമ്പർ 4

എം.എൽ.എ. റോഡ് സ്കീമിൽ ഉൾപ്പെട്ട വലിയഴീക്കൽ തൃക്കുന്നപ്പുഴ റോഡ് ഈ നാടിന്റെ വളർച്ചയ്ക്കും വികസനത്തിനും അത്യന്താപേക്ഷിതമാണ്. ഗതാഗത സൗകര്യങ്ങളില്ലാത്തതിനാൽ കടൽഭിത്തി കെട്ടുന്നതിനും, മറ്റു പ്രവർത്തനങ്ങൾക്കും ജനങ്ങൾ ഗതാഗതത്തിനായി ആശ്രയിക്കുന്നതുമായ ഈ റോഡ് വളരെക്കാലമായി അതിന്റെ പണി മുടങ്ങിക്കിടക്കുന്നു. ആയതിനാൽ ഈ റോഡ് ടാർ ചെയ്ത് ഗതാഗതയോഗ്യമാക്കുന്നതിന് വേണ്ട നടപടി ഉടനടി സ്വീകരിക്കണമെന്നും സമിതി ശിപാർശ ചെയ്യുന്നു.

## സർക്കാർ സ്വീകരിച്ച നടപടി

### പൊതുമരാമത്ത് വകുപ്പ്

(സർക്കാർ കത്ത് നമ്പർ 26475/കെ1/99/പൊ.മ.വ. തീയതി 6-12-2001)

തൃക്കുന്നപ്പുഴ-വലിയഴീക്കൽ റോഡിന്റെ കി.മീ. 5/550 മുതൽ 15/700 വരെയുള്ള ഭാഗം കടലിനോട് ചേർന്നാണ് പോകുന്നത്. ആ ഭാഗത്ത് കടൽഭിത്തി ഇല്ലാതിരുന്നതുമൂലം റോഡുപണി നിർത്തി വച്ചിരിക്കുകയായിരുന്നു. പ്രസ്തുത കടൽഭിത്തി പിന്നീട് നിർമ്മിച്ചു കഴിഞ്ഞു. തൃക്കുന്നപ്പുഴ-വലിയഴീക്കൽ റോഡിന്റെ പണിയും പൂർത്തിയായിട്ടുണ്ട്.

(17-11-2004-ലെ സമിതിയോഗം പരിഗണിക്കുകയും അംഗീകരിക്കുകയും ചെയ്തു.)

## ശിപാർശ നമ്പർ 5

സെപ്റ്റിക് ടാങ്കുള്ള കക്കൂസുകൾ നിർബന്ധമാക്കുന്നതിന് നടപടി സ്വീകരിക്കുന്നതിനും, പാവപ്പെട്ടവർക്ക് അതിനാവശ്യമായ ധനസഹായം നൽകുന്നതിന് ത്രിതല പഞ്ചായത്തുകൾക്ക് നിർദ്ദേശം നൽകണമെന്നും സമിതി ശിപാർശ ചെയ്യുന്നു.

സർക്കാർ സ്വീകരിച്ച നടപടി

**തദ്ദേശസ്വയംഭരണ വകുപ്പ്**

(സർക്കാർ കത്ത് നമ്പർ 61789/ഡിസി1/2014/തസ്വഭവ. തീയതി 27-9-2014)

ശിപാർശയിൽ പ്രതിപാദിച്ചിരിക്കുന്ന പ്രകാരം ആവശ്യമായ നിർദ്ദേശം പഞ്ചായത്ത് ഡയറക്ടർക്ക് നൽകുകയും അതിന്റെ അടിസ്ഥാനത്തിൽ വാർഷിക പദ്ധതികളിൽ ഉൾപ്പെടുത്തി ഇത്തരം കക്കൂസുകൾ നിർമ്മിച്ചു വരുകയും ചെയ്യുന്നുണ്ട്.

(19-11-2014-ലെ സമിതിയോഗം പരിഗണിക്കുകയും അംഗീകരിക്കുകയും ചെയ്തു.)

ശിപാർശ നമ്പർ 6

ചകിരിച്ചോറ് വളമാക്കി മാറ്റുന്നതിനുള്ള ആധുനിക സാങ്കേതികവിദ്യ അവലംബിച്ചുള്ള ഫാക്ടറികൾ ആരംഭിക്കുന്നതിന് വ്യവസായ വകുപ്പ് നടപടി സ്വീകരിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

സർക്കാർ സ്വീകരിച്ച നടപടി

**വ്യവസായ വകുപ്പ്**

(സർക്കാർ കത്ത് നമ്പർ 444/ഇ 3/99/വ്യവ. തീയതി 25-3-1999)

സംയോജിത കയർ വികസന പദ്ധതി പ്രകാരം സഹകരണ മേഖലയിൽ പച്ചതൊണ്ടിൽ നിന്നും യന്ത്രസഹായത്താൽ ചകിരി നിർമ്മിക്കുന്ന മില്ലുകൾ സ്ഥാപിക്കുന്നതിനുള്ള ഒരു പദ്ധതി നടപ്പിലാക്കി വരികയാണ്. ഈ ചകിരി മില്ലുകളിൽ ഉൽപ്പാദിപ്പിക്കപ്പെടുന്ന ചകിരിച്ചോറിനെ കയർ ബോർഡ് വികസിപ്പിച്ചെടുത്തിട്ടുള്ള സാങ്കേതികവിദ്യ ഉപയോഗിച്ച് ജൈവവളമാക്കി മാറ്റുന്നതിന് സഹകരണ മേഖലയിലെ ചകിരി മില്ലുകൾക്ക് ധനസഹായം നൽകുന്ന ഒരു പദ്ധതി ഗവൺമെന്റ് നടപ്പാക്കി വരികയാണ്. ഇതു പ്രകാരം ഒരു മില്ലിന് 1,60,000 രൂപ വരെ ധനസഹായം നൽകുന്നു. ഈ പദ്ധതി പ്രകാരം ഇതു വരെ 40 ചകിരി നിർമ്മാണ മില്ലുകൾക്കായി 42.77 ലക്ഷം രൂപ അനുവദിച്ചിട്ടുണ്ട്. 50% വായ്പയും 50% സബ്സിഡിയുമായിട്ടാണ് ധനസഹായം അനുവദിക്കുന്നത്.

പ്രസ്തുത മറുപടി 17-11-2004-ലെ സമിതിയോഗം പരിഗണിക്കുകയും അധിക വിവരങ്ങൾ ആരായുകയും ചെയ്തു. സമിതി ആരാഞ്ഞ അധിക വിവരം, ആയതിന് 18-8-2011-ലെ 24236/ഇ 2/09/വ്യവ. നമ്പർ കത്ത് മുഖേന വ്യവസായ (ഇ) വകുപ്പ് ലഭ്യമാക്കിയ മറുപടി എന്നിവ ചുവടെ ചേർക്കും പ്രകാരമാണ് :

<u>സമിതി ആരാഞ്ഞ അധികവിവരം</u>

റിപ്പോർട്ടിൽ സൂചിപ്പിച്ചിട്ടുള്ള 40 മില്ലുകളിൽ ഓരോന്നിനും എത്ര തുക വീതം ധനസഹായം നൽകി. ധനസഹായം വാങ്ങിയതിന് ശേഷം വിനിയോഗിക്കാതിരുന്ന മില്ലുകൾ ഏതെല്ലാം? അവയ്ക്കെതിരെ എന്തെങ്കിലും നടപടി സ്വീകരിച്ചിട്ടുണ്ടോ? വിശദവിവരം ലഭ്യമാക്കുക.

<u>മറുപടി</u>

കണ്ണൂർ, പൊന്നാനി, കോഴിക്കോട് എന്നീ പ്രോജക്ടിന്റെകീഴിലുള്ള 42 മില്ലുകൾക്കാണ് ധനസഹായം അനുവദിച്ചിട്ടുള്ളത്. ധനസഹായം അനുവദിച്ച സംഘങ്ങളുടെ പേരും അനുവദിച്ച ധനസഹായവും ഇതിനോട് അനുബന്ധം ചെയ്യുന്നു. പൊന്നാനി പ്രോജക്ടിന്റെ പരിധിയിൽ വരുന്ന 5 മില്ലുകൾ ഫണ്ട് വിനിയോഗിച്ചിട്ടില്ല. ഫണ്ട് വിനിയോഗിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു.

<u>സമിതി ആരാഞ്ഞ അധികവിവരം</u>

ഈ ഫാക്ടറികളിൽ ഏതെല്ലാം തരത്തിലുള്ള യന്ത്രങ്ങളാണ് സ്ഥാപിക്കേണ്ടിയിരുന്നത്? ഏതെല്ലാം യന്ത്രങ്ങൾ നാളിതുവരെ സ്ഥാപിച്ചിട്ടുണ്ട്?

<u>മറുപടി</u>

ഫാക്ടറികളുടെ പ്രവർത്തനത്തിനായി വർക്ക് ഷെഡും ഫ്രിഡ്ജുമാണ് ആവശ്യമായി വരുന്നത്. മില്ലുകൾ വർക്ക് ഷെഡ് നിർമ്മിക്കുകയും ഫ്രിഡ്ജ് വാങ്ങുകയും ചെയ്തിട്ടുണ്ട്.

<u>സമിതി ആരാഞ്ഞ അധികവിവരം</u>

പ്രവർത്തനക്ഷമമായ 6 മില്ലുകളിൽ ഒന്നിൽ നിന്നുമാത്രമേ ജൈവവളം ഉല്പാദിപ്പിക്കുന്നുള്ളൂ. മറ്റുള്ള മില്ലുകളിൽ നിന്നും ജൈവവളം ഉല്പാദിപ്പിക്കുന്നതിന് എന്തെങ്കിലും സാങ്കേതിക തടസ്സം ഉണ്ടായിട്ടുണ്ടോ? വിശദവിവരം ലഭ്യമാക്കുക.

<u>മറുപടി</u>

പ്രവർത്തനക്ഷമമായ 6 മില്ലുകളിൽ 1 മാത്രം ജൈവവളം ഉൽപ്പാദിപ്പിച്ചുവെങ്കിലും നിലവിൽ ഇതിന്റെ പ്രവർത്തനവും മന്ദീഭവിച്ചിരിക്കുകയാണ്. വളം നിർമ്മാണത്തിനാവശ്യമായ പിത്ത് പ്ലസിന്റെ ലഭ്യതക്കുറവും ഉല്പാദിപ്പിക്കുന്ന വളത്തിന്റെ ഗുണമേന്മ വർദ്ധിപ്പിക്കുന്നതിനും വില്പന നടത്തുന്നതിനുമുള്ള സൗകര്യക്കുറവും ജൈവവള നിർമ്മാണത്തിന്റെ തടസ്സങ്ങളാണ്.

സമിതി ആരാഞ്ഞ അധികവിവരം

നൂതന സാങ്കേതികവിദ്യ നടപ്പാക്കാതിരുന്ന മില്ലുകൾ ഏതെല്ലാം? ഈ വിദ്യ നടപ്പാക്കാതിരുന്നതിനുള്ള കാരണങ്ങൾ എന്തെല്ലാം?

മറുപടി

മില്ലുകളുടെ പ്രവർത്തനം മന്ദീഭവിച്ചുപോയതിനാൽ സ്ഥാപനങ്ങൾക്കൊന്നും തന്നെ ആധുനികസാങ്കേതികവിദ്യ ഉപയോഗിക്കേണ്ട സാഹചര്യം ഉണ്ടായില്ല.

കണ്ണൂർ, പൊന്നാനി, കോഴിക്കോട് എന്നീ പ്രോജക്റ്റിന്റെ കീഴിൽ ധനസഹായം അനുവദിച്ച സംഘങ്ങളുടെ വിശദാംശം

| ക്രമ നമ്പർ | പ്രോജക്റ്റിന്റെ പേര് | സംഘത്തിന്റെ പേര് | വായ്പ | സബ്സിഡി | ആകെ |
|---|---|---|---|---|---|
| 1 | 2 | 3 | 4 | 5 | 6 |
| 1 | കണ്ണൂർ | ശ്രീ മാരുതി വൈ സി വി എസ് എസ് ലി. നമ്പർ 927 | 51500 | 51500 | 103000 |
| 2 | ,, | നീലേശ്വരം വൈ സി വി എസ് എസ് ലി. നമ്പർ 928 | 51500 | 51500 | 103000 |
| 3 | ,, | ഇരിട്ടി വൈ സി വി എസ് എസ് ലി. നമ്പർ 902 | 51500 | 51500 | 103000 |
| 4 | ,, | ധർമ്മടം വൈ സി വി എസ് എസ് ലി. നമ്പർ 915 | 51500 | 51500 | 103000 |
| 5 | ,, | പരിയാരം വൈ സി വി എസ് എസ് ലി. നമ്പർ 922 | 51500 | 51500 | 103000 |
| 6 | ,, | പീലിക്കോട് വൈ സി വി എസ് എസ് ലി. നമ്പർ 921 | 51500 | 51500 | 103000 |
| 7 | ,, | രാജീവ് ഗാന്ധി വൈ സി വി എസ് എസ് ലി. നമ്പർ 923 | 51500 | 51500 | 103000 |

| 1 | 2 | 3 | 4 | 5 | 6 |
|---|---|---|---|---|---|
| 8 | കണ്ണൂർ | പയ്യന്നൂർ വൈ സി വി എസ് എസ് ലി. നമ്പർ 954 | 51500 | 51500 | 103000 |
| 9 | ,, | മങ്ങാട്ടിടം വൈ സി വി എസ് എസ് ലി. നമ്പർ 901 | 51500 | 51500 | 103000 |
| 10 | ,, | തൃക്കരിപ്പൂർ വൈ സി വി എസ് എസ് ലി. നമ്പർ 931 | 51500 | 51500 | 103000 |
| 11 | ,, | വടക്കാഞ്ചേരി വൈ സി വി എസ് എസ് ലി. നമ്പർ 925 | 51500 | 51500 | 103000 |
| 12 | ,, | ചെറുവത്തൂർ വൈ സി വി എസ് എസ് ലി. നമ്പർ 924 | 51500 | 51500 | 103000 |
| 13 | ,, | ഇന്ദിരാജി വൈ സി വി എസ് എസ് ലി. നമ്പർ 942 | 51500 | 51500 | 103000 |
| 14 | ,, | രാജീവ്ജി വൈ സി വി എസ് എസ് ലി. നമ്പർ 918 | 51500 | 51500 | 103000 |
| 15 | ,, | നെഹ്റുജി വൈ സി വി എസ് എസ് ലി. നമ്പർ 917 | 51500 | 51500 | 103000 |
| 16 | ,, | പേരാവൂർ വൈ സി വി എസ് എസ് ലി. നമ്പർ 966 | 51500 | 51500 | 103000 |
| 17 | ,, | കുടിയാന്മല വൈ സി വി എസ് എസ് ലി. നമ്പർ 930 | 51500 | 51500 | 103000 |
| 18 | ,, | കാടാച്ചിറ വൈ സി വി എസ് എസ് ലി. നമ്പർ 926 | 51500 | 51500 | 103000 |

| 1 | 2 | 3 | 4 | 5 | 6 |
|---|---|---|---|---|---|
| 19 | കണ്ണൂർ | മൊകേരി വൈ സി വി എസ് എസ് ലി. നമ്പർ 903 | 51500 | 51500 | 103000 |
| 20 | ,, | കരിവള്ളൂർ വൈ സി വി എസ് എസ് ലി. നമ്പർ 916 | 51500 | 51500 | 103000 |
| 21 | ,, | മുണ്ടേരി വൈ സി വി എസ് എസ് ലി. നമ്പർ | 51500 | 51500 | 103000 |
| 22 | ,, | റോയൽ ഏഷ്യാറ്റിക് വൈ സി വി എസ് എസ് ലി. നമ്പർ | 51500 | 51500 | 103000 |
| 23 | ,, | പ്രിയദർശിനി വൈ സി വി എസ് എസ് ലി. നമ്പർ | 51500 | 51500 | 103000 |
| 24 | പൊന്നാനി | രാജീവ്ജി വൈ സി വി എസ് എസ് ലി. നമ്പർ 961 | 75000 | 75000 | 150000 |
| 25 | ,, | വടവന്നൂർ വൈ സി വി എസ് എസ് ലി. നമ്പർ 949 | 80000 | 80000 | 160000 |
| 26 | ,, | കുനിയിൽ വൈ സി വി എസ് എസ് ലി. നമ്പർ 944 | 79000 | 79000 | 158000 |
| 27 | ,, | മാറൻചേരി വൈ സി വി എസ് എസ് ലി. നമ്പർ 934 | 58500 | 58500 | 117000 |
| 28 | ,, | മണ്ണാറപ്പറമ്പ് വൈ സി വി എസ് എസ് ലി. നമ്പർ 932 | 54000 | 54000 | 108000 |
| 29 | ,, | മുത്തൂർ വൈ സി വി എസ് എസ് ലി. നമ്പർ 905 | 58000 | 58000 | 116000 |
| 30 | ,, | പ്രിയദർശിനി വൈ സി വി എസ് എസ് ലി. നമ്പർ 951 | 51500 | 51500 | 103000 |

| 1 | 2 | 3 | 4 | 5 | 6 |
|---|---|---|---|---|---|
| 31 | പൊന്നാനി | പെരുങ്ങോട്ടുകാവ് വൈ സി വി എസ് എസ് ലി. നമ്പർ 907 | 51500 | 51500 | 103000 |
| 32 | ,, | പറച്ചി വൈ സി വി എസ് എസ് ലി. നമ്പർ 933 | 51500 | 51500 | 103000 |
| 33 | ,, | തേനാരി വൈ സി വി എസ് എസ് ലി. നമ്പർ 900 | 51500 | 51500 | 103000 |
| 34 | കോഴിക്കോട് | പ്രിയദർശിനി പട്ടികജാതി വൈ സി വി എസ് എസ് ലി. നമ്പർ | 51500 | 51500 | 103000 |
| 35 | ,, | മുക്കം വൈ സി വി എസ് എസ് ലി. നമ്പർ | 51500 | 51500 | 103000 |
| 36 | ,, | യുണൈറ്റഡ് വൈ സി വി എസ് എസ് ലി. നമ്പർ | 51500 | 51500 | 103000 |
| 37 | ,, | നാഷണൽ വൈ സി വി എസ് എസ് ലി. നമ്പർ | 51500 | 51500 | 103000 |
| 38 | ,, | കൊടുവള്ളി വൈ സി വി എസ് എസ് ലി. നമ്പർ | 57844 | 57844 | 115688 |
| 39 | ,, | ഓമശ്ശേരി വൈ സി വി എസ് എസ് ലി. നമ്പർ | 80000 | 80000 | 160000 |
| 40 | ,, | മരുതോങ്കര വൈ സി വി എസ് എസ് ലി. നമ്പർ | 79100 | 79100 | 158200 |
| 41 | ,, | പ്രിയദർശിനി വൈ സി വി എസ് എസ് ലി. നമ്പർ | 51500 | 51500 | 103000 |
| 42 | ,, | രാജീവ്ജി വൈ സി വി എസ് എസ് ലി. നമ്പർ | 80000 | 80000 | 160000 |

ശിപാർശ നമ്പർ 7

ദേശീയപാതയുടെ സമീപത്ത് സ്ഥിതി ചെയ്യുന്ന ആശുപത്രിയായതിനാൽ വാഹന അപകടങ്ങളിൽപ്പെടുന്ന നിരവധിപേർ എത്തിച്ചേരുന്നത് ഹരിപ്പാട് താലൂക്ക് ആശുപത്രിയിലാണ്. അത്തരം രോഗികൾക്ക് ചികിൽസാ സൗകര്യം ഏർപ്പെടുത്തുവാൻ ആധുനിക സജ്ജീകരണങ്ങളോടുകൂടിയ ഒരു ട്രോമാ കെയർ യൂണിറ്റും ഒരു ഓർത്തോ യൂണിറ്റും ഇവിടെ സ്ഥാപിക്കണമെന്നും രോഗികളുടെ ബാഹുല്യം കണക്കിലെടുത്ത് 100 കിടക്കകളോടുകൂടിയ ഒരു വാർഡ് കൂടി അനുവദിക്കുന്നതിനുള്ള നടപടി ആരോഗ്യ വകുപ്പ് സ്വീകരിക്കണമെന്നും സമിതി ശിപാർശ ചെയ്യുന്നു.

സർക്കാർ സ്വീകരിച്ച നടപടി

**ആരോഗ്യ കുടുംബക്ഷേമ വകുപ്പ്**

(സർക്കാർ കത്ത് നമ്പർ 4644/എം1/99/ ആ.കു.വ. തീയതി 10-9-1999)

1997-98 സാമ്പത്തിക വർഷത്തിൽ ആലപ്പുഴ ജില്ലയിൽ അടിയന്തര മെഡിക്കൽ സേവനം ലഭ്യമാക്കുന്നതിന് 5 ആശുപത്രികൾ തെരഞ്ഞെടുത്തിട്ടുണ്ട്. അതിൽ ഹരിപ്പാട് ആശുപത്രിയും ഉൾപ്പെട്ടിട്ടുണ്ട്. 1999-2000 സാമ്പത്തിക വർഷത്തിൽ 25 ലക്ഷം രൂപ അടിയന്തര മെഡിക്കൽ സേവനത്തിനായി നീക്കിവച്ചിട്ടുണ്ട്. ഈ തുകകൾ ഫോർഡിംഗ് സ്യൂച്ചറുകൾ, സക്ഷൻ അപ്പാരറ്റസ്, ബോയിൽസ് മിഷ്യൻ, മറ്റ് അത്യാവശ്യ ഉപകരണങ്ങൾ എന്നിവ വാങ്ങുന്നതിനായിട്ടാണ് നീക്കിവെച്ചിട്ടുള്ളത്.

പ്രസ്തുത മറുപടി 17-11-2004-ലെ സമിതിയോഗം പരിഗണിക്കുകയും ട്രോമാ കെയർ യൂണിറ്റ് സ്ഥാപിക്കുന്നതു സംബന്ധിച്ച നടപടികൾ എന്തായി എന്ന് ആരായുകയും ചെയ്തു.

സമിതി ആരാഞ്ഞ അധികവിവരത്തിൻമേൽ 16-2-2011-ലെ 42260/എം1/09 ആ.കു.വ. നമ്പർ കത്ത് മുഖേന ആരോഗ്യ കുടുംബക്ഷേമ വകുപ്പ് ലഭ്യമാക്കിയ മറുപടി ഇപ്രകാരമായിരുന്നു:

18-6-2010-ലെ ജി.ഒ.(എംഎസ്.) 365/2010/ആ.കു.വ. നമ്പർ ഉത്തരവുപ്രകാരം ഹരിപ്പാട് താലൂക്കാശുപത്രി ഉൾപ്പെടെയുള്ള അഞ്ച് ആശുപത്രികൾക്ക് കേരള റോഡ് സേഫ്റ്റി അതോറിറ്റി ഫണ്ട് പ്രകാരം അനുവദിച്ച 5 കോടി രൂപയിൽനിന്നും 2.784 കോടി രൂപ വകയിരുത്തി ആധുനിക സജ്ജീകരണങ്ങളുള്ള ട്രോമാ കെയർ സെന്റർ അനുവദിച്ച് ഉത്തരവായിട്ടുണ്ട്. ഈ ഉത്തരവ് പ്രകാരമുള്ള നടപടികൾ ആരോഗ്യ വകുപ്പ് ഡയറക്ടർ സ്വീകരിച്ചുവരുന്നുണ്ട്.

(15-11-2012-ലെ സമിതിയോഗം പരിഗണിക്കുകയും അംഗീകരിക്കുകയും ചെയ്തു.)

ശിപാർശ നമ്പർ 8

ഹരിപ്പാട് താലൂക്ക് ആശുപത്രിയുടെ സമീപത്തുള്ള 'പിള്ളത്തോട് ' ആഴം കൂട്ടി വശങ്ങളിൽ ഭിത്തി കെട്ടി ശുദ്ധീകരിച്ച് ഗതാഗത യോഗ്യമാക്കുന്നതിനുള്ള നടപടി ജലസേചന വകുപ്പ് സ്വീകരിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

സർക്കാർ സ്വീകരിച്ച നടപടി

**ജലവിഭവ വകുപ്പ്**

(സർക്കാർ കത്ത് 11392/എം.ഐ 1/2014/ജലവിവ. തീയതി 25-8-2014)

22-2-2013-ലെ സ.ഉ.(സാധാ.) 183/13/ജവിവ. നമ്പർ സർക്കാർ ഉത്തരവ് പ്രകാരം "Deepening, cleaning & protecting the Pillathodu in Haripad Panchayath (Reach 1)" എന്ന പ്രവൃത്തിക്ക് 49.45 ലക്ഷം രൂപയുടെ ഭരണാനുമതി നൽകിയിരുന്നു. പ്രസ്തുത തുക ഉപയോഗിച്ച് പിള്ളത്തോടിന്റെ നവീകരണത്തിനായി ഒന്നാം ഘട്ടത്തിൽ 380 മീറ്റർ ഭാഗം ശുചീകരിക്കുന്നതിനും സൈഡ് ഭിത്തി കെട്ടി സംരക്ഷിക്കുന്നതിനും വേണ്ടിയുള്ള പ്രവൃത്തിക്ക് കരാർവച്ച് പണി ആരംഭിച്ചിട്ടുള്ളതായി ചീഫ് എഞ്ചിനീയർ (ജ & ഭ) അറിയിച്ചിട്ടുണ്ട്. എന്നാൽ 1 കി.മീ. നീളമുള്ള, ഹരിപ്പാട് ടൗണിലൂടെ കടന്നുപോകുന്ന പിള്ളത്തോട് ഏറെക്കുറെ പൂർണ്ണമായും നഗരമാലിന്യങ്ങളും മണ്ണും അടിഞ്ഞുകൂടിയും പോള പോലെയുള്ള ജലസസ്യങ്ങൾ വളർന്ന് നീരൊഴുക്ക് തടസ്സപ്പെട്ട നിലയിലാണെന്നും ഫണ്ടിന്റെ ലഭ്യതയനുസരിച്ച് അവശേഷിക്കുന്ന ഭാഗം നവീകരിക്കുന്നതാണെന്നും ചീഫ് എഞ്ചിനീയർ (ജ & ഭ) അറിയിച്ചിട്ടുണ്ട്. ചീഫ് എഞ്ചിനീയറുടെ (ജ & ഭ) റിപ്പോർട്ടിന്റെ പകർപ്പ് ഉള്ളടക്കം ചെയ്യുന്നു.

പ്രസ്തുത റിപ്പോർട്ട് അനുബന്ധമായി ചേർത്തിരിക്കുന്നു.

(27-8-2014-ലെ സമിതിയോഗം പരിഗണിക്കുകയും അംഗീകരിക്കുകയും ചെയ്തു.)

ശിപാർശ നമ്പർ 9

താലൂക്ക് ആശുപത്രിക്ക് ചുറ്റുമതിൽ കെട്ടുന്നതിന്, ആശുപത്രിയിലെ ഖരമാലിന്യങ്ങൾ സംസ്കരിക്കുന്നതിനായി ആശുപത്രിയിൽ അനുയോജ്യസ്ഥലത്ത് ഒരു ഇൻസിനറേറ്റർ സ്ഥാപിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

സർക്കാർ സ്വീകരിച്ച നടപടി

**ആരോഗ്യ കുടുംബക്ഷേമ വകുപ്പ്**

(സർക്കാർ കത്ത് 36983/ഇ 2/2003/ആ.കു.വ. തീയതി 10-11-2004)

ഹരിപ്പാട് താലൂക്ക് ആശുപത്രിയുടെ ചുറ്റുമതിലിന്റെ പണിയും മാലിന്യ നിർമ്മാർജ്ജനത്തിനുള്ള പിറ്റിന്റെ പണിയും പുരോഗമിച്ചുവരുന്നു. നടപ്പുസാമ്പത്തിക

വർഷത്തിലെ പർച്ചേസിൽ ഉൾപ്പെടുത്തി ഹരിപ്പാട് താലൂക്ക് ആശുപത്രിയിലേക്ക് ഒരു ഇൻസിനറേറ്റർ വാങ്ങുന്നതിനുള്ള നടപടിക്രമങ്ങൾ സ്വീകരിച്ചിട്ടുണ്ട്. പ്രസ്തുത ഇൻസിനറേറ്റർ വാങ്ങിയതിനുശേഷം അതിനുള്ള അടിസ്ഥാന സൗകര്യങ്ങൾ വിതരണ കാലാവധിക്കുള്ളിൽ പൂർത്തിയാക്കുന്നതാണ്.

പ്രസ്തുത സർക്കാർ മറുപടി 29-11-2005-ലെ സമിതിയോഗം പരിഗണിക്കുകയും ഇൻസിനറേറ്റർ മുഖേന ഖരമാലിന്യങ്ങൾ സംസ്കരിക്കുമ്പോഴുണ്ടാകുന്ന പുക സമീപ പ്രദേശത്തെ ആളുകളിൽ ക്യാൻസർ പോലുള്ള മാരകരോഗങ്ങൾ വരാൻ ഇടയാക്കുമെന്നതിനാൽ അവ സ്ഥാപിക്കുവാൻ പാടില്ലെന്ന് ഇന്ത്യൻ മെഡിക്കൽ അസോസിയേഷൻ നിർദ്ദേശിച്ചിരിക്കുന്ന സാഹചര്യത്തിൽ ശിപാർശയിൻമേൽ ഇനി എന്ത് നടപടിയാണ് സ്വീകരിക്കുവാൻ ഉദ്ദേശിക്കുന്നതെന്നുള്ള വിവരം സമിതിയെ അറിയിക്കണമെന്ന് നിർദ്ദേശിക്കുകയും ആയതിന് 28-2-2008-ലെ 16534/ഇ 2/06/ ആ.കു.വ. നമ്പർ കത്ത് മുഖേന ആരോഗ്യ കുടുംബക്ഷേമ (ഇ) വകുപ്പ് ലഭ്യമാക്കിയ മറുപടി ചുവടെ ചേർക്കുന്നു:

പരിസ്ഥിതി സമിതിയുടെ ശിപാർശ പ്രകാരം, ഇൻസിനറേറ്റർ ഉപയോഗിക്കുമ്പോൾ ഉണ്ടാകുന്ന പാരിസ്ഥിതിക പ്രശ്നങ്ങൾ കണക്കിലെടുത്ത് ആരോഗ്യ വകുപ്പിൽ ഇപ്പോൾ ഇൻസിനറേറ്റർ വാങ്ങുന്നില്ല. ഹരിപ്പാട് സർക്കാർ ആശുപത്രിയിൽ ഇൻസിനറേറ്റർ വാങ്ങുവാൻ പ്രൊപ്പോസൽ ഉണ്ടായിരുന്നുവെങ്കിലും പരിസ്ഥിതി പ്രശ്നം കാരണം ഇൻസിനറേറ്റർ വാങ്ങിയിട്ടില്ല. ആശുപത്രിയിലെ ബയോമെഡിക്കൽ മാലിന്യങ്ങൾ സംസ്കരിക്കുന്നതിന് ഇമേജുമായി കരാർ ഉണ്ടാക്കിയതനുസരിച്ച് അവർ നിത്യവും അവിടെനിന്നും ബയോമെഡിക്കൽ മാലിന്യങ്ങൾ ശേഖരിച്ചുകൊണ്ടുപോകുന്നുണ്ട്. ബാക്കി മാലിന്യങ്ങൾ മലിനീകരണ നിയന്ത്രണ ബോർഡിന്റെ നിർദ്ദേശമനുസരിച്ച് കുഴി നിർമ്മിച്ച് സംസ്കരിച്ചുവരുന്നു.

(6-1-2009-ലെ സമിതിയോഗം പരിഗണിക്കുകയും അംഗീകരിക്കുകയും ചെയ്തു.)

<u>ശിപാർശ നമ്പർ 10</u>

കടകമ്പോളങ്ങൾ, ഹോട്ടലുകൾ, അറവുശാലകൾ, മത്സ്യ ചന്തകൾ തുടങ്ങിയവയിൽ നിന്നുള്ള മാലിന്യങ്ങൾ പിള്ളത്തോട്ടിലേക്ക് തള്ളുന്നത് കർശനമായി തടയുകയും ലംഘിക്കുന്നവർക്ക് പിഴശിക്ഷ നൽകുന്നതിനുമുള്ള നടപടി തദ്ദേശസ്വയംഭരണ വകുപ്പ് സ്വീകരിക്കണമെന്ന് സമിതി ശക്തിയായി ശിപാർശ ചെയ്യുന്നു.

<u>സർക്കാർ സ്വീകരിച്ച നടപടി</u>

**തദ്ദേശസ്വയംഭരണ വകുപ്പ്**

(സർക്കാർ കത്ത് 61789/ഡിസി1/14/തസ്വഭവ. തീയതി 27-9-2014)

പിള്ളത്തോട്ടിൽ മാലിന്യം നിക്ഷേപിക്കുന്നത് തടയാൻ ജാഗ്രതാ സമിതികൾ രൂപീകരിക്കുന്നതിന് ബന്ധപ്പെട്ട പഞ്ചായത്തുകളുടെ സംയുക്തയോഗം തീരുമാനം

എടുത്തിട്ടുണ്ട്. കൂടാതെ മാലിന്യം നിക്ഷേപിക്കുന്നവരെ കണ്ടെത്തുകയും അവർക്കെതിരെ കർശന നടപടി സ്വീകരിക്കുകയും ചെയ്യണമെന്ന് കാണിച്ച് ഹരിപ്പാട് സബ് ഇൻസ്പെക്ടർക്ക് കാർത്തികപ്പള്ളി ഗ്രാമപഞ്ചായത്ത് പരാതി നൽകിയിട്ടുണ്ട്. പിള്ളത്തോടിനു സമീപം കടകൾ നടത്തുന്നവർക്ക് തോട്ടിൽ മാലിന്യം നിക്ഷേപിക്കരുതെന്ന കർശന നിർദ്ദേശം നൽകിയിട്ടുണ്ട് കൂടാതെ മാലിന്യം നിക്ഷേപിക്കുന്നത് നിരോധിച്ചുകൊണ്ട് ബോർഡും സ്ഥാപിച്ചിട്ടുണ്ട്.

(19-11-2015-ലെ സമിതിയോഗം പരിഗണിക്കുകയും അംഗീകരിക്കുകയും ചെയ്തു.)

ശിപാർശ നമ്പർ 11

നെൽപ്പാടങ്ങളും കായലും തോടുകളും നികത്തുന്നത് കർശനമായി നിരോധിക്കാൻ സമിതി ശിപാർശ ചെയ്യുന്നു.

സർക്കാർ സ്വീകരിച്ച നടപടി

**കൃഷി വകുപ്പ്**

(സർക്കാർ കത്ത് 3577/എസി3/02/കൃഷി തീയതി 30-7-2003)

1967-ലെ കേരള ഭൂവിനിയോഗ ഉത്തരവ് പ്രകാരം അനധികൃതമായി നിലംനികത്തുന്നതിനെതിരെ നടപടികൾ സ്വീകരിച്ചുവരുന്നു. മറ്റ് കരഭൂമി സ്വന്തമായില്ലാത്തവർക്ക് വീടുവയ്ക്കുന്നതിനുവേണ്ടി അഞ്ച് സെന്റ് നിലം മാത്രം ചില നിബന്ധനകൾക്കുവിധേയമായി നികത്തുന്നതിന് ചില വ്യക്തമായ വ്യവസ്ഥകൾക്കു വിധേയമായി അനുമതി നൽകാവുന്നതാണെന്ന് 5-2-2002-ലെ സർക്കാർ ഉത്തരവ് (ആർടി.) 157/02/കൃഷി നമ്പർ ഉത്തരവ് പ്രകാരം ബന്ധപ്പെട്ട ജില്ലാ കളക്ടർ/റവന്യൂ ഡിവിഷണൽ ഓഫീസർ എന്നിവരെ അറിയിച്ചിട്ടുണ്ടെങ്കിലും ഇതൊഴികെ മറ്റ് യാതൊരുവിധ നിലംനികത്തലും അനുവദിക്കരുതെന്നും അയൽകൃഷിക്കാർക്ക് ദോഷം വരാത്തവിധത്തിലും ജലനിർഗ്ഗമന മാർഗ്ഗം തടസ്സപ്പെടാത്തവിധത്തിലുമാണെങ്കിൽ മാത്രമേ അനുമതി നൽകാവൂ എന്നും ഉത്തരവിൽ വ്യക്തമാക്കിയിട്ടുണ്ട്.

സർക്കാർ നിശ്ചയിച്ചിട്ടുള്ള പരിധിക്കുമപ്പുറം തരംമാറ്റം അനുവദിക്കുന്നതിനെതിരെ അപ്പീൽ സമർപ്പിക്കപ്പെടുന്ന കേസുകളിൽ അവ ബന്ധപ്പെട്ട രേഖകളുടെയും വിചാരണയുടെയും അടിസ്ഥാനത്തിൽ ലാൻഡ് റവന്യൂ കമ്മീഷണർ തീർപ്പുകല്പിക്കാറുണ്ട്.

കെഎൽയു. ഉത്തരവ് ഫലപ്രദമായി നടപ്പിലാക്കുന്നതുസംബന്ധിച്ച നിർദ്ദേശങ്ങൾ സർക്കാർ കാലാകാലങ്ങളിൽ പുറപ്പെടുവിക്കാറുണ്ട്. 5-11-1999-ലെ 9911/എൻസിഎ 3/99/ കൃഷി നമ്പർ സർക്കുലർ പ്രകാരം അനധികൃത നിലംനികത്തലിനെതിരെ എസൻഷ്യൽ കമ്മോഡിറ്റീസ് ആക്ട് പ്രകാരം നിയമനടപടികൾ സ്വീകരിക്കാൻ ജില്ലാ കളക്ടർമാർക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്. 28-2-2003-ലെ 9316/എൻസിഎ 3/02/കൃഷി നമ്പർ കത്ത്

പ്രകാരവും നിലംനികത്തലിനെതിരെ കർശന നടപടികൾ സ്വീകരിക്കണമെന്ന് ജില്ലാ കളക്ടർമാരോട് അവശ്യപ്പെട്ടിട്ടുണ്ട്.

കായലുകളും തോടുകളും നികത്തപ്പെടുന്നതായുള്ള റിപ്പോർട്ടുകളൊന്നും ലഭിച്ചിട്ടില്ല. എങ്കിലും പരിസ്ഥിതിയെ പ്രതികൂലമായി ബാധിക്കാൻ സാധ്യതയുള്ളതുകൊണ്ട് ഇത് കർശനമായി നിരോധിക്കാൻ നടപടി സ്വീകരിക്കുന്ന കാര്യം കായലുകളും തോടുകളും നികത്തുന്നത് ശ്രദ്ധയിൽപ്പെടുന്നപക്ഷം സർക്കാർ പരിഗണിക്കുന്നതാണ്.

(17-11-2004-ലെ സമിതിയോഗം പരിഗണിക്കുകയും അംഗീകരിക്കുകയും ചെയ്തു.)

ശിപാർശ നമ്പർ 12

നാഷണൽ തെർമൽ പവർ കോർപ്പറേഷന്റെ താപവൈദ്യുത നിലയവുമായി ബന്ധപ്പെട്ട് താഴ്ന്നപ്രദേശങ്ങൾ നികത്തിയതുമൂലം വെള്ളപ്പൊക്കത്തിന് ഇടയാക്കിയിട്ടുള്ള പ്രദേശങ്ങളിൽ നിന്ന് വെള്ളം ഒഴുകിപ്പോകുന്നതിനുള്ള സംവിധാനം എൻ.ടി.പി.സി.-യെ കൊണ്ട് ചെയ്യിക്കേണ്ടതാണെന്ന് സമിതി ശിപാർശ ചെയ്യുന്നു.

സർക്കാർ സ്വീകരിച്ച നടപടി

**ഊർജ്ജ വകുപ്പ്**

(സർക്കാർ കത്ത് 8073/ബി1/98/പ.വ. തീയതി 13-9-1999)

കായംകുളം താപവൈദ്യുത നിലയം സ്ഥാപിക്കുന്ന സമയത്തുതന്നെ നിലയത്തിന്റെ പരിസര പ്രദേശങ്ങളിൽ നിന്നും അഴുക്കുവെള്ളം ഒഴുകിപ്പോകുന്നതിനുള്ള ഡ്രെയിനേജ് സൗകര്യങ്ങൾ ഏർപ്പെടുത്തിയിട്ടുള്ളതായി എൻ.ടി.പി.സി. അറിയിച്ചിട്ടുണ്ട്. എന്നാൽ കായംകുളം താപനിലയവുമായി ബന്ധപ്പെട്ട ടൗൺഷിപ്പിനടുത്തുള്ള പറയൻതോടി നിരുവശവും ജനങ്ങൾ കൈയേറിയതുമൂലം തോടിന്റെ വീതി 10 മീറ്ററിൽ നിന്നും 4 മീറ്ററായി കുറയാനിടയാകുകയും ഇതേ തുടർന്ന് വർഷകാലത്ത് വെള്ളം കെട്ടിനിൽക്കാൻ ഇടയാകുന്നതായും എൻ.ടി.പി.സി. സർക്കാരിനെ അറിയിച്ചിട്ടുണ്ട്. ഈ തോട് പഞ്ചായത്തിന്റെ അധീനതയിലായതിനാൽ ഇതിന്റെ വീതി കൂട്ടുന്നതിന് പഞ്ചായത്ത് തലത്തിലാണ് നടപടി സ്വീകരിക്കേണ്ടത് എന്നും എൻ.ടി.പി.സി. അറിയിച്ചിട്ടുണ്ട്. ഇക്കാര്യത്തിൽ പഞ്ചായത്തിന് ആവശ്യമായ നിർദ്ദേശം നൽകണമെന്ന് തദ്ദേശസ്വയംഭരണ വകുപ്പിനോട് അഭ്യർത്ഥിച്ചിട്ടുണ്ട്.

സർക്കാർ മറുപടി 17-11-2004-ലെ സമിതിയോഗം പരിഗണിക്കുകയും ആയതിന്റെ ഇപ്പോഴത്തെ അവസ്ഥ എന്തെന്ന് ആരായുവാൻ സമിതി നിർദ്ദേശിക്കുകയും ചെയ്തിരുന്നു. ആയതിന് 23-1-2008-ലെ 5105/ബി1/05/പ.വ. നമ്പർ കത്ത് പ്രകാരം പവർ (ബി) വകുപ്പ് ലഭ്യമാക്കിയ മറുപടി ഇപ്രകാരമായിരുന്നു:

"കായംകുളം പദ്ധതിയുടെ സമീപ പ്രദേശങ്ങളിൽ എൻ.ടി.പി.സി. ഏറ്റെടുത്തിട്ടുള്ള സാമൂഹിക വികസന പ്രവർത്തനങ്ങളുടെ ഭാഗമായി ചിങ്ങോലി ഗ്രാമപഞ്ചായത്തിന്റെ പരിധിയിൽക്കൂടി ഒഴുകുന്ന പറയൻതോടിന്റെ ഇരുകരകളിലും കരിങ്കൽ ഭിത്തി നിർമ്മിച്ച് കയ്യേറ്റങ്ങളിൽ നിന്നും മലിനീകരണപ്പെടുന്നതിൽ നിന്നും തോടിനെ സംരക്ഷിക്കുന്നതിലേക്ക് എൻ.ടി.പി.സി.യുടെ ധനസഹായത്തോടെ കേരള ഭൂവികസന ബോർഡിന്റെ മേൽനോട്ടത്തിൽ കരിങ്കൽ ഭിത്തിയുടെ പണികൾ പൂർത്തീകരിച്ചുവരുന്നു. പണി പൂർത്തീകരിച്ച ഭാഗങ്ങളിൽ തോടിന് ഏകദേശം 4.50 മീറ്റർ വീതിയുണ്ട്. ഇതിനു പുറമെ കരിങ്കൽ ഭിത്തിയുടെ നിർമ്മാണത്തോടെ കയ്യേറ്റങ്ങളും മലിനീകരണവും തടയുവാൻ കഴിയുമെന്നാണ് പ്രതീക്ഷ."

മേൽസൂചിപ്പിച്ച സർക്കാർ മറുപടി 6-1-2009-ലെ സമിതിയോഗം പരിഗണിക്കുകയും ചിങ്ങോലി ഗ്രാമപഞ്ചായത്തിന്റെ പരിധിയിൽക്കൂടി ഒഴുകുന്ന പറയൻതോടിന്റെ ഇരുകരകളിലും കരിങ്കൽ ഭിത്തിയുടെ നിർമ്മാണത്തിന്റെ ഇപ്പോഴത്തെ അവസ്ഥ എന്താണെന്ന് ബന്ധപ്പെട്ട വകുപ്പിനോട് ആരായുകയും ചെയ്തു. ആയതിന് 1-1-2010-ലെ 3159/ബി1/09/പവ. നമ്പർ കത്ത് മുഖേന പവർ (ബി) വകുപ്പ് ലഭ്യമാക്കിയ റിപ്പോർട്ട് ഇപ്രകാരമായിരുന്നു:

"ചിങ്ങോലി ഗ്രാമപഞ്ചായത്തിൽ, പ്രസ്തുത തോട് ആരംഭിക്കുന്ന ഭാഗത്ത് ഒരു കിലോമീറ്ററോളം ഭാഗത്ത് ഇരുകരകളിലും എൻ.ടി.പി.സി. കരിങ്കൽ ഭിത്തി കെട്ടിയിട്ടുണ്ട്. പറയൻതോടിന്റെ മറ്റ് ഭാഗങ്ങളിൽ ഇരുകരകളിലും കല്ല് കൂട്ടി സംരക്ഷിക്കണമെന്ന് കുട്ടനാട് പ്രത്യേക പാക്കേജ് പദ്ധതിയിൽ ആവശ്യപ്പെട്ടതിന്റെ അടിസ്ഥാനത്തിൽ കെ.എൽ.ഡി.സി. സർവ്വേ നടത്തുകയും റിപ്പോർട്ട് തയ്യാറാക്കി സർക്കാരിലേക്ക് സമർപ്പിച്ചിട്ടുണ്ടെന്നും ചിങ്ങോലി ഗ്രാമപഞ്ചായത്ത് സെക്രട്ടറി അറിയിച്ചിട്ടുണ്ട്. ഇക്കാര്യത്തിൽ വിശദമായ വിവരം, ജലവിഭവ വകുപ്പുമായി ബന്ധപ്പെട്ട് നൽകുന്നതാണ്. അതുപോലെ എൻ.ടി.പി.സി.യുമായി കടൽജലം ശുദ്ധീകരണവുമായി ബന്ധപ്പെട്ട് ഊർജ്ജ വകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറി ബന്ധപ്പെട്ടവരുടെ ഒരു മീറ്റിംഗ് നടത്തുന്നുണ്ട്.

ഊർജ്ജ വകുപ്പ് ലഭ്യമാക്കിയ മറുപടി 8-9-2010-ലെ സമിതിയോഗം പരിഗണിക്കുകയും 12-ാമത് ശിപാർശയിന്മേൽ എന്തൊക്കെ നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് ചിങ്ങോലി ഗ്രാമപഞ്ചായത്ത് സെക്രട്ടറിയോട് ആരായുവാൻ സമിതി തീരുമാനിക്കുകയും ചെയ്തു. ആയതിന് 3-8-2015-ലെ 61789/ഡി.സി1/2014/തസ്വഭവ. നമ്പർ കത്ത് പ്രകാരം തദ്ദേശസ്വയംഭരണ (ഡി.സി) വകുപ്പ് ലഭ്യമാക്കിയ മറുപടി ചുവടെ ചേർക്കുന്നു:

ചിങ്ങോലി ഗ്രാമപഞ്ചായത്തിൽ എൻ.ടി.പി.സി. സ്ഥലം ഏറ്റെടുത്തതുമൂലം ഉണ്ടായിട്ടുള്ള വെള്ളക്കെട്ട് ഒഴിവാക്കുന്നതിലേക്കായി IV, V, VI, VII എന്നീ വാർഡുകളിൽ

കൂടി കടന്നുപോകുന്ന പറയൻതോട് ആഴംകൂട്ടി ജലനിർഗ്ഗമനത്തിന് അവസരം ഉണ്ടാക്കിയിട്ടുണ്ട്. കൂടാതെ VIII-ാം വാർഡിൽ എൻ.ടി.പി.സി. അപ്രോച്ച് റോഡിൽ വെള്ളക്കെട്ട് ഒഴിവാക്കുന്നതിന് ഏകദേശം 300 മീറ്റർ ഡ്രെയിനേജ് സൗകര്യം ഒരുക്കിയിട്ടുണ്ട്. എന്നാൽ താഴ്ന്നപ്രദേശങ്ങളായ പഞ്ചായത്തിന്റെ പടിഞ്ഞാറുഭാഗത്തുള്ള IX, X, XI, XIII വാർഡുകളിൽ ഇപ്പോഴും വെള്ളപ്പൊക്കപ്രശ്നം നിലനിൽക്കുന്നു. ആയത് പരിഹരിക്കുന്നതിന് പഞ്ചായത്ത് ഭരണസമിതി എൻ.ടി.പി.സി.-യോട് ആവശ്യപ്പെട്ടിട്ടുണ്ട്.

(5-8-2015-ലെ സമിതിയോഗം പരിഗണിക്കുകയും അംഗീകരിക്കുകയും ചെയ്തു.)

<u>ശിപാർശ നമ്പർ 13</u>

മത്സ്യത്തൊഴിലാളികൾ പിടിച്ചെടുക്കുന്ന മത്സ്യം സംഭരിക്കുന്നതിനും വിപണനത്തിനും ഉതകുന്ന ഒരു കോൾഡ് സ്റ്റോർ റൂം, ഐസ് പ്ലാന്റ് എന്നിവ സ്ഥാപിക്കുന്നതിന് മത്സ്യബന്ധന വകുപ്പ് നടപടി സ്വീകരിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

<u>സർക്കാർ സ്വീകരിച്ച നടപടി</u>

**മത്സ്യബന്ധന തുറമുഖ വകുപ്പ്**

(സർക്കാർ കത്ത് നമ്പർ 527/സി2/99/മതുവ. തീയതി 19-9-2000)

മത്സ്യബന്ധന വകുപ്പിന്റെ അധീനതയിൽ ഇപ്പോൾ ഉള്ള ഐസ് പ്ലാന്റുകളും കോൾഡ് സ്റ്റോറേജുകളുംതന്നെ ലാഭകരമായി പ്രവർത്തിപ്പിച്ചുകൊണ്ടുപോകുവാൻ സാധിക്കാത്ത സാഹചര്യത്തിൽ, അവ മത്സ്യഫെഡിനും മറ്റും കൈമാറുവാൻ തീരുമാനിച്ചിരിക്കുകയാണ്. ഈ സാഹചര്യത്തിൽ, മത്സ്യബന്ധന വകുപ്പിന്റെ കീഴിൽ ഇനിയും ഐസ് പ്ലാന്റുകളും കോൾഡ് സ്റ്റോറേജുകളും സ്ഥാപിക്കുന്നത് അശാസ്യമല്ല.

(17-11-2004-ലെ സമിതിയോഗം പരിഗണിക്കുകയും അംഗീകരിക്കുകയും ചെയ്തു.)

<u>ശിപാർശ നമ്പർ 14</u>

തീരപ്രദേശത്ത് വ്യാപകമായ തോതിൽ നടക്കുന്ന മണൽവാരൽ കർശനമായി നിരോധിക്കണമെന്നും അതിനായി നിലവിലുള്ള നിയമങ്ങൾ നടപ്പിലാക്കുന്നതിന് ശ്രദ്ധിക്കണമെന്നും സമിതി ശിപാർശ ചെയ്യുന്നു.

<u>സർക്കാർ സ്വീകരിച്ച നടപടി</u>

**റവന്യൂ വകുപ്പ്**

(സർക്കാർ കത്ത് നമ്പർ 2899/എ 2/99/റവന്യൂ തീയതി 28-6-1999)

തീരദേശത്ത് നടക്കുന്ന മണൽവാരൽ കർശനമായി നിരോധിക്കുന്നതിന് ആവശ്യമായ നിർദ്ദേശങ്ങൾ ആലപ്പുഴ, ചെങ്ങന്നൂർ ആർ.ഡി.ഒ.മാർക്ക് നൽകിയിട്ടുണ്ട്.

<u>സർക്കാർ മറുപടി</u>

17-11-2004-ലെ സമിതിയോഗം പരിഗണിക്കുകയും അനധികൃത മണൽവാരൽ നിയന്ത്രിക്കുന്നതിന് നിലവിലുള്ള നിയമം പര്യാപ്തമാണോയെന്ന് ആരായുകയും ചെയ്തു. ആയതിന് 7-2-2007-ലെ 69326/പി3/06/റവന്യൂ നമ്പർ കത്ത് മുഖേന റവന്യൂ (പി) വകുപ്പ് ലഭ്യമാക്കിയ മറുപടി ചുവടെ ചേർക്കുന്നു:

നിലവിലുള്ള കേരള നദീതീരസംരക്ഷണവും മണൽവാരൽ നിയന്ത്രണവും നിയമവും ചട്ടങ്ങളും ഫലപ്രദമായി പ്രയോഗിക്കുകയാണെങ്കിൽ അനധികൃത മണൽ ഖനനം തടയുന്നതിന് ഒരു പരിധിവരെ പര്യാപ്തമാവുന്നതാണ്. ഇതിനുള്ള കർശന മാർഗ്ഗ നിർദ്ദേശങ്ങൾ എല്ലാ ജില്ലാ കളക്ടർമാർക്കും നൽകിയിട്ടുണ്ട്. എന്നാൽ നിലവിലുള്ള നിയമത്തിലെ ചില പഴുതുകൾ ഉപയോഗിച്ചും അനധികൃത ഖനനം തടയുന്നതിന് രൂപീകരിച്ചിട്ടുള്ള പ്രത്യേക സ്ക്വാഡുകളുടെ ശ്രദ്ധയിൽപ്പെടാതെയും അനധികൃത മണൽ ഖനനം നടക്കുന്നുണ്ട്. നിലവിലുള്ള നിയമത്തിലെ അത്തരം പഴുതുകൾ അടയ്ക്കാനും ടി നിയമം കൂടുതൽ കാര്യക്ഷമമാക്കാനും നിയമത്തിലേയും ചട്ടങ്ങളിലേയും ചില വകുപ്പുകൾ ഭേദഗതി വരുത്തുന്നതിനുള്ള നടപടി പുരോഗമിച്ചുവരുന്നുണ്ട്. അനധികൃത മണൽ ഖനനം കണ്ടെത്തുന്ന കേസുകളിൽ ടി നിയമവും ചട്ടങ്ങളും അനുശാസിക്കും പ്രകാരമുള്ള പിഴ ഈടാക്കി റിവർ മാനേജ്മെന്റ് ഫണ്ടിലേക്ക് മുതൽ കൂട്ടുന്നുണ്ട്.

(7-8-2014-ലെ സമിതിയോഗം പരിഗണിക്കുകയും അംഗീകരിക്കുകയും ചെയ്തു.)

സി. പി. മുഹമ്മദ്,
*അദ്ധ്യക്ഷൻ,*
*പരിസ്ഥിതി സംബന്ധിച്ച സമിതി.*

തിരുവനന്തപുരം,
2015 ഡിസംബർ 15.

അനുബന്ധം

നമ്പർ ഡബ്ല്യു1/26520/2009

ചീഫ് എഞ്ചിനീയറുടെ കാര്യാലയം,
ജലസേചനവും ഭരണവും,
തിരുവനന്തപുരം,
തീയതി 6-5-2014.

പ്രേഷിത

ചീഫ് എഞ്ചിനീയർ

സ്വീകർത്താവ്

അഡീഷണൽ ചീഫ് സെക്രട്ടറി,
ജലവിഭവ (എം.ഐ.) വകുപ്പ്,
തിരുവനന്തപുരം.

സർ,

വിഷയം:— ജലവിഭവ വകുപ്പ് പരിസ്ഥിതി സമിതി (1996-1998) 11-ാമത് റിപ്പോർട്ട് ശിപാർശ നമ്പർ 8 പിള്ളത്തോട് ആഴംകൂട്ടി സംരക്ഷണ ഭിത്തി നിർമ്മിക്കുന്നത് സംബന്ധിച്ച്

സൂചന:— (1) ഗവൺമെന്റ് കത്ത് നമ്പർ—26991/എം.ഐ 1/2009/ജലവിഭവ. തീയതി 23-4-2014.

(2) കത്ത് നമ്പർ ഡി 5-3113/2011 തീയതി 1-4-2014, എക്സിക്യൂട്ടീവ് എഞ്ചിനീയർ, ചെറുകിട ജലസേചന വിഭാഗം, ചെങ്ങന്നൂർ.

(3) Agt. No. 9/SE/KDC/CGNR/13-14 dated 13-9-2013.

മേൽസൂചന ശ്രദ്ധിച്ചാലും, ഹരിപ്പാട് ടൗണിലൂടെ കടന്നുപോകുന്ന ഒരു പ്രധാന തോടാണ് പിള്ളത്തോട്. ടൗണിലെ ജലനിർഗ്ഗമനം ഈ തോടിലൂടെയാണ് നടക്കുന്നത്. എന്നാൽ ഒരു കിലോമീറ്റർ നീളമുള്ള തോട് ഏറെക്കുറെ പൂർണ്ണമായും നഗരമാലിന്യങ്ങളും മണ്ണും അടിഞ്ഞുകൂടിയും പോള പോലുള്ള ജലസസ്യങ്ങൾ വളർന്ന് നീരൊഴുക്ക് തടസ്സപ്പെട്ട നിലയിലുമാണ്. ഈ തോടിന്റെ നവീകരണത്തിനായി ഒന്നാം ഘട്ടത്തിൽ 380 മീറ്റർ ഭാഗം ശുചീകരിക്കുന്നതിനും സൈഡ് കെട്ടി സംരക്ഷിക്കുന്നതിനും വേണ്ടിയുള്ള 49.50 ലക്ഷം രൂപയുടെ വർക്ക് സൂചന '3' പ്രകാരം എഗ്രിമെന്റ്വെച്ച് പണി ആരംഭിച്ചിട്ടുള്ളതായി സൂചന '2' പ്രകാരം എക്സിക്യൂട്ടീവ് എഞ്ചിനീയർ മൈനർ ഇറിഗേഷൻ ഡിവിഷൻ, ചെങ്ങന്നൂർ റിപ്പോർട്ട് ചെയ്തിരിക്കുന്നു. ഫണ്ടിന്റെ ലഭ്യതയനുസരിച്ച് അവശേഷിക്കുന്ന ഭാഗവും നവീകരിക്കുന്നതാണ്.

വിശ്വസ്തതയോടെ,
(ഒപ്പ്)
*ചീഫ് എഞ്ചിനീയർ.*